അദ്ധ്യായം 108

# അൽ കൗഥർ (അനുഗ്രഹാധിക്യം)

അവതരണം മക്കയിൽ, വചനങ്ങൾ 3

---

**അദ്ധ്യായ പരിചയം:**

മക്കയിൽ പ്രവാചകൻ മുഹമ്മദ്(സ) തൻെറ ദൗത്യം ആരംഭിച്ചതു മുതൽ പ്രതിയോഗികളുടെ മർദ്ദനപ്രവർത്തനങ്ങളും വർധിച്ചു എന്ന് മുൻ അദ്ധ്യായങ്ങളുടെ ആമുഖങ്ങളിൽ സൂചിപ്പിച്ചു. മാനസികവും ശാരീരികവുമായ അറുതിയില്ലാത്ത അക്രമം പ്രവാചകനെയും വിശ്വാസികളെയും തീർത്തും പ്രയാസപ്പെടുത്തിയിരുന്നു. മാത്രവുമല്ല, ശത്രുക്കൾ ഇങ്ങനെ പറഞ്ഞു പ്രചരിപ്പിക്കുകയും ചെയ്തു: സ്വജനതയിൽനിന്ന് വിഛേധിതനായ ദുർബലനും മക്കളോ സഹായികളോ ഇല്ലാത്തവനുമാണ് മുഹമ്മദ്."

പ്രവാചകൻ(സ)ക്ക് രണ്ട് ആൺമക്കളുണ്ടായിരുന്നു, ഖാസിമും അബ്ദുല്ലയും. ആദ്യം ഖാസിമും പിന്നീട് അബ്ദുല്ലയും മരണമടഞ്ഞു. അപ്പോഴാണ് ഖുറൈശികൾ പരിഹാസപൂർവം അങ്ങനെ പറഞ്ഞത്. "മുഹമ്മദ് തീർത്തും ഒറ്റപ്പെട്ടിരിക്കുന്നു. അവന് ആൺമക്കൾ ആരുമില്ല. ഇനി അവൻ തന്നെയങ്ങ് മരിച്ചുപോയാൽ അതോടെ ആ ശല്യവും നമുക്കുണ്ടാകില്ല" എന്ന് അവർ പറയുക മാത്രമല്ല, പരദേശികളോട് പോലും അദ്ദേഹത്തെ ആക്ഷേപിച്ച് ഈവിധം സംസാരിക്കാറുണ്ടായിരുന്നു.

ഈ പ്രചാരണം കുറെയൊക്കെ ഫലം കണ്ടു. അദ്ദേഹം സമൂഹത്തിൽ തീർത്തും ഒറ്റപ്പെട്ടതു പോലെയായി. ഈ ഘട്ടത്തിലാണ് അദ്ദേഹത്തിൻെറ ആൺസന്തതികളും മരണമടയുന്നത്. ഇത് മാനസികമായി അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചു. അപ്പോഴും ഖുറൈശികൾ സന്തോഷിക്കുകയാണ് ചെയ്തത്.

ഈ വ്യക്തിപരമായി മാത്രമല്ല ആദർശരംഗത്തും വലിയ പ്രയാസങ്ങൾ വലിച്ചിടുകയും അതിൻെറ പേരിൽ വേദനിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് അദ്ദേഹത്തിന് ദൈവ സഹായം വാഗ്ദാനം ചെയ്തുകൊണ്ട് ഈ അധ്യായം അവതരിച്ചത്. അതിലൂടെ അദ്ദേഹത്തിന് ഐഹികവും പാരത്രികവുമായ ഒട്ടധികം അനുഗ്രഹങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്യുകയുണ്ടായി. അതിൽ പ്രധാനമാണ് കൗഥർ. അതാണ് ഈ അദ്ധ്യായത്തിന് നാമമായും സ്വീകരിച്ചിട്ടുള്ളത്.

**അർഥം:**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

**ഇന്നാ** — إِنَّا

തീർച്ചയായും നാം

---

**അഅ്ത്വയ്നാക** — أَعْطَيْنَاكَ

നിനക്ക് നല്കിയിരിക്കുന്നു

---

**അൽ കൗഥർ** — الْكَوْثَرَ

അധികരിച്ച അനുഗ്രഹം. (കൗഥർ)

---

**ഫസ്വല്ലി** — فَصَلِّ

അതിനാൽ നീ നമസ്കരിക്കുക

---

**ലി റബ്ബിക** — لِرَبِّكَ

നിൻെറ നാഥന്

---

**വൻഹർ** — وَانْحَرْ

നീ ബലിയറുക്കുകയും ചെയ്യുക

| | | |
|---|---|---|
| ഇന്ന | | إِنَّ |
| | നിശ്ചയം | |
| ശാനിഅക | | شَانِئَكَ |
| | നിന്നോട് ശത്രുത പുലർത്തുന്നവനാണ് | |
| ഹുവ | | هُوَ |
| | അവൻ തന്നെയാണ് | |
| അൽ അബ്തർ | | الْأَبْتَرُ |
| | വാലറ്റവൻ | |

**വിശദീകരണം:**

إِنَّا أَعْطَيْنَاكَ الْكَوْثَرَ ഇന്നാ അഅ്ത്വയ്നാകൽ കൗഥർ

(പ്രവാചകരേ,) തീർച്ചയായും നാം നിനക്ക് ധാരാളം നന്മകൾ നല്കിയിരിക്കുന്നു.

ലോകത്ത് ആഗതരായ ലക്ഷക്കണക്കിന് പ്രവാചകന്മാരിൽ പ്രവാചകൻ മുഹമ്മദ്(സ)ക്ക് മാത്രമായി ഏകദൈവം നല്കിയ അനുഗ്രഹമാണ് അൽകൗഥർ. അതിന് കാരണം എന്തെന്ന് പിന്നീട് പ്രതിപാദിക്കുന്നതാണ്.

കൗഥർ എന്ന വാക്കിനെ മറ്റു ഭാഷകളിൽ പരിഭാഷപ്പെടുത്താൻ സാധിക്കുകയില്ല. കാരണം, ആ പദം സൂചിപ്പിക്കുന്ന അനുഗ്രഹങ്ങളുടെ ആധിക്യവും വിശാലതയും ഏറെയാണ്. അവ ഏതൊക്കെയാണെന്ന കാര്യം പ്രവാചകവചനങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അതെ സംബന്ധിച്ച് ഈ ഖുർആൻ വചനത്തിൽ രണ്ട് സൂചനകളുണ്ട്.

1. ആദർശരംഗത്ത് പ്രവാചകന് കൈവരിക്കാനിരിക്കുന്ന വൻവിജയങ്ങൾ.
2. പ്രവാചകനെ നിരന്തരം എതിർത്തിരുന്ന ശത്രുക്കളുടെ പരിണതി.

പ്രവാചകന് ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങൾ ഏതൊക്കെയെന്ന് വിശാലമാക്കി പറയുന്നതിനു പകരം അത് പ്രകടിപ്പിക്കുവാൻ അതിശക്തമായ ഒരു പദം (കൗഥർ) സ്വീകരിക്കുകയാണ് സ്രഷ്ടാവ് ചെയ്തത്. വ്യത്യസ്ത സംഗതികൾ കൂടിച്ചേർന്നുണ്ടായ സമൃദ്ധിയെയും അതിൻെറ ആധിക്യത്തെയും പൂർണതയെയും സൂചിപ്പിക്കാൻ അത്തരം ഒരു പദത്തിന് മാത്രമേ സാധിക്കുകയുള്ളൂ. പ്രവാചകജീവിതത്തിൽ പിന്നീട് വന്നുചേർന്ന വിജയങ്ങളും നേട്ടങ്ങളും പരലോകത്ത് അദ്ദേഹത്തിന് പ്രത്യേകം സജ്ജമാക്കിയ വിഭവങ്ങളുമൊക്കെ അതിൻെറ വിവക്ഷയിൽ പെടുന്നുണ്ട്.

ഖുർആൻ പരിഭാഷകന്മാർ കൗഥർ എന്നത് പ്രവാചകന് പരലോകത്ത് ലഭിക്കാനിരിക്കുന്ന വിശിഷ്ടമായ ഒരു തടാകമാണ് എന്ന അഭിപ്രായപ്പെട്ടിട്ടുണ്ട്.

ലോകത്ത് ജനിച്ച സർവ മനുഷ്യരും തങ്ങളുടെ ജീവിതകർമങ്ങളെ സംബന്ധിച്ച വിചാരണക്കായി പരലോകത്ത് ഒരുമിച്ചുകൂട്ടപ്പെടുന്ന ഏറെ ഭയാനകമായ അവസ്ഥയെയും അവിടത്തെ വിചാരണാവേളയുടെ കാഠിന്യത്തെയും പ്രയാസങ്ങളെയും പഠനവിധേയമാക്കുമ്പോഴാണ് കൗഥർ എന്ന തടാകത്തിൻെറ പ്രസക്തി മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ സാധിക്കുക.

ഇനി, നേരത്തെ സൂചിപ്പിച്ചതുപോലെ ഈ അനുഗ്രഹം മുഹമ്മദ്നബിക്ക് മാത്രം എന്തുകൊണ്ട് നല്കി എന്ന പ്രശ്നത്തിനുള്ള ഉത്തരം കാണാം.

ചില കാര്യങ്ങൾ നാം മനസ്സിലാക്കുക. പ്രവാചകൻ മുഹമ്മദ്(സ) പ്രവാചകന്മാരിൽ വെച്ച് ശ്രേഷ്ഠനും അന്തിമനുമാണ്. അന്ത്യനാൾ വരേക്കുള്ള മുഴുവൻ കാലഘട്ടത്തിനും ഏകദൈവം നിശ്ചയിച്ചയച്ച ദൂതനാണദ്ദേഹം. മനുഷ്യന് ജീവിക്കാനാവശ്യമായ ദൈവിക ജീവിതദർശനം പരിപൂർണമായത് അദ്ദേഹത്തിലൂടെയാണ്. മനുഷ്യരോട് ഇത്രമാത്രം ഗുണകാംക്ഷ പുലർത്തി അവരുടെ വിമോചനത്തിന് പ്രയത്നിച്ച മറ്റൊരു പ്രവാചകനും ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ശത്രുക്കളിൽനിന്നും വിമർശകരിൽനിന്നും ഏറ്റവുമധികം പീഡനം ഏറ്റുവാങ്ങി ഉത്തമമായ ജീവിതദർശനത്തെ ആചരിച്ചു കാണിച്ചു കൊടുത്ത മനുഷ്യസ്നേഹിയായ അതുല്യനായിരുന്നു അദ്ദേഹം. മനുഷ്യവിമോചനത്തിനായി അദ്ദേഹം സ്വയം ത്യാഗം അനുഭ

വിക്കുമ്പോഴും, അദ്ദേഹത്തെ എങ്ങനെയെങ്കിലും നശിപ്പിക്കാനുള്ള ബദ്ധപ്പാടിലായിരുന്നു അറബികൾ. അവരുടെ സമീപനം അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതോടൊപ്പം തൻെറ ആൺസന്താനങ്ങൾ മരണമടഞ്ഞതോടെ ശത്രുക്കൾ പ്രചരിപ്പിച്ച കിംവദന്തികളും അദ്ദേഹത്തിൻെറ മനസ്സിനെ ഏറെ മുറിപ്പെടുത്തുകയുണ്ടായി.

ദൈവികദൗത്യത്തിൻെറ പ്രചാരണപ്രവർത്തനങ്ങൾക്കിടയിൽ ആവശ്യമായ ഭൗതികാശ്രയങ്ങളൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ ലോകത്താഗതരായ പല ദൈവദൂതന്മാരും സമ്പത്തിനാലോ, സ്ഥാന-പദവികളാലോ, ശക്തരും സ്വാധീനമുള്ളവരുമായ ബന്ധുക്കളാലോ തങ്ങളുടെ സ്ഥാനം സമൂഹത്തിൽ ഉറപ്പിച്ചവരായിരുന്നു. ഇതിൽനിന്നെല്ലാം ഭിന്നമായിരുന്നു പ്രവാചകൻ മുഹമ്മദ്(സ)യുടെ സ്ഥിതി. നാടൊട്ടാകെ അദ്ദേഹത്തെ എതിർക്കുന്നവരായിരുന്നു. എന്നിട്ടും മനുഷ്യരുടെ വിമോചനത്തിനായി അടങ്ങാത്ത ഗുണകാംക്ഷയോടെ, പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ച് അദ്ദേഹം അവരിലേക്ക് ഇറങ്ങിച്ചെന്നു.

ഈ പരമാർഥങ്ങളെല്ലാം തന്നെ അദ്ദേഹത്തെ ചരിത്രത്തിൽ അതുല്യനാക്കി നിർത്തുന്നു. മനുഷ്യചരിത്രം എന്നും തങ്ങളുടെ ഹൃദയത്തിലും നാവിലും സ്മരിക്കുമാറ് അദ്ദേഹത്തെ സ്രഷ്ടാവ് ആദരിക്കുകയും അത്യധികം അനുഗ്രഹങ്ങൾ നല്കി സഹായിക്കുകയും ചെയ്തു.

പരലോകത്ത് അദ്ദേഹത്തിന് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ പ്രധാനമാണ് കൗഥർ എന്ന തടാകം. എന്താണ് കൗഥറിൻെറ പ്രത്യേകത? മനുഷ്യൻ പരലോകത്ത് തങ്ങളുടെ കർമഫല വിചാരണക്ക് നിർത്തപ്പെടുന്നത് അത്യധികം ക്ലേശകരമായ അവസ്ഥയിലായിരിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. ആർക്കും ഒരാളും ഒരുതരത്തിലും പ്രയോജനപ്പെടാത്ത സാഹചര്യമായിരിക്കും അവിടത്തേത്. ഒരു ശിപാർശയും അവിടെ സ്വീകരിക്കുകയില്ല. തികഞ്ഞ നീതിയോടെയായിരിക്കും അവിടത്തെ വിചാരണ. ആ ഘട്ടത്തിൽ കഠിന ചൂടിൽ ജനം പ്രയാസപ്പെടും. ദാഹജലത്തിനായി അവർ വലയുകയും ദാഹം ദാഹം എന്ന് വിലപിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പ്രവാചകൻ മുഹമ്മദിന് അത് നല്കപ്പെടുക. ഈ ലോകത്തു വെച്ച് പ്രവാചകനെ അംഗീകരിച്ചവർ അതിൽനിന്ന് ദാഹശമനം വരുത്തും. അദ്ദേഹത്തെ നിഷേധിച്ചവർക്ക് അതിലെ ജലം തടയപ്പെടുന്നതായിരിക്കും.

അതിലെ ജലം പാലിനെക്കാൾ ഏറെ ധവളമായിരിക്കും. മഞ്ഞിനെക്കാൾ ശീതളവും തേനിനെക്കാൾ മധുരവും കസ്തൂരിയെക്കാൾ സുഗന്ധമുള്ളതുമായിരിക്കും. അതിലെ ജലം കുടിച്ചാൽ പിന്നീട് ഒരിക്കലും ദാഹം അനുഭവിക്കുകയില്ല. മൈലുകളോളം വിസ്താരമേറിയതത്രെ പ്രസ്തുത തടാകം.

ഈ തടാകത്തെ പരാമർശിച്ചുകൊണ്ട് പ്രവാചകൻ മുഹമ്മദ് തൻെറ പ്രബോധിതർക്ക് മുന്നറിയിപ്പ് നല്കുകയുണ്ടായി.

കൗഥർ എന്ന പേരിൽ ഒരു നദിയും സ്വർഗത്തിലൂടെ ഒഴുകുന്നതായി പ്രവാചകൻ അറിയിക്കുകയുണ്ടായി.

മനുഷ്യകർമങ്ങളുടെ പരിണതിയിൽ കൗഥറിന് എന്ത് സ്ഥാനമാണുള്ളത്? പ്രവാചക അധ്യാപനങ്ങളുടെ അംഗീകാരവും നിരാകരണവും തമ്മിലുള്ള വ്യത്യാസം എത്രമാത്രമുണ്ടോ അതുതന്നെയാണ് കൗഥറിൻെറ സ്ഥാനവും. അതായത്, പരലോകത്തിലെ വിചാരണാഘട്ടം, അതീവ ചൂടും ദാഹവും നിറഞ്ഞതായിരിക്കുമെന്നും ജനം ദാഹജലത്തിനായി കരയുമെന്നും ഈ സാഹചര്യത്തിലാണ് പ്രസ്തുത തടാകം പ്രവാചകന് നല്കുകയെന്നും സൂചിപ്പിച്ചു. ജനം അതിൽനിന്ന് കുടിക്കുവാൻ ഓടിയടുക്കും. എന്നാൽ ഈ ജീവിതത്തിൽ പ്രവാചകൻെറ അധ്യാപനങ്ങളെ അംഗീകരിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തവർക്കു മാത്രമേ അതിൽനിന്ന് ജലപാനം സാധ്യമാവുകയുള്ളൂ. അല്ലാത്തവർ തങ്ങളുടെ ക്ലേശകരാമയ അവസ്ഥയോടൊപ്പം അതിൽ നിന്ന് അകറ്റപ്പെടുകയാണ് ചെയ്യുക.

"ഇന്നാ അഅ്ത്വയ്നാക" തീർച്ചയായും നാം നിനക്ക് നല്കി എന്ന് ഭൂതകാല ക്രിയാരൂപമാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. മനുഷ്യന് ആശയങ്ങൾ മനസ്സിലാകുന്നതിൽ സമയസൂചന ഒരു ഘടകമാണല്ലോ. ദൈവികദാനത്തിൻെറ ഉറപ്പിനെ സൂചിപ്പിക്കാൻ അതേ രീതിയാണ് ഏകദൈവം സ്വീകരിച്ചിട്ടുള്ളത്. ഭൂതകാലക്രിയാരൂപം സ്വീകരിച്ചതും പ്രസ്തുത പ്രഖ്യാപനത്തിൽ മാറ്റമില്ല എന്നു സൂചിപ്പിക്കുന്നതിനു വേണ്ടിയാണ്. ദൈവികചര്യകൾക്ക് ഒരിക്കലും മാറ്റം സംഭവിക്കുകയില്ല.

---

فَصَلِّ لِرَبِّكَ وَانْحَرْ ഫസ്വല്ലിലി റബ്ബിക വൻഹർ

***ആകയാൽ നീ നിൻെറ നാഥന് നമസ്കരിക്കുകയും ബലി നല്കുകയും ചെയ്യുക***

---

പ്രവാചകന് തൻെറ യജമാനൻ നല്കിയ അത്യപൂർവവും സമൃദ്ധവുമായ ഉപഹാരങ്ങളെ പരാമർശിച്ചതിന് ശേഷം അദ്ദേഹത്തോട് ദൈവം നിർദ്ദേശിക്കുന്നു: "ഈവക അനുഗ്രഹങ്ങളുടെ പേരിൽ നീ നിൻെറ നാഥനോടുള്ള കൃതജ്ഞതയും കൂറും അനുസരണവും പ്രകടിപ്പിക്കുവാൻ അവനു വേണ്ടി പതിവായി നമസ്കാരം നിലനിറുത്തുക."

അടിമ തൻെറ അടിമത്വവും യജമാനനോടുള്ള അനുസരണവും പ്രകടിപ്പിക്കുന്നതും ദൈവത്തെ തൻെറ മനസ്സിൽ സദാ സ്മരിക്കുന്നതും നമസ്കാരത്തിലൂടെയാണ്. അഞ്ച് നേര ത്തെ നമസ്കാരമാണ് ഈയർഥത്തിൽ ദൈവം നിർബന്ധമാക്കിയിട്ടുള്ളത്. ഇതിൻെറ അടി സ്ഥാനത്തിലുള്ള ഒരു ആദർശത്തെ തൻെറ സമൂഹത്തിന് മുമ്പിൽ പ്രഖ്യാപിക്കുവാനാണ് അല്ലാഹു പ്രവാചകരോട് ആജ്ഞാപിച്ചത്. ഖുർആൻ അക്കാര്യം ഇങ്ങനെ പ്രഖ്യാപിച്ചു:

*“പ്രവാചകരേ, നീ പ്രഖ്യാപിക്കുക, എൻെറ നമസ്കാരവും ബലിയും എൻെറ ജീവിതവും മരണവും അല്ലാഹുവിനുള്ളതാകുന്നു. അവന് പങ്കാളികളാരുമില്ല. അതാണ് ഞാൻ ആജ്ഞാ പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ അവന് സമർപ്പിച്ചവരിൽ ഒന്നാമനാകുന്നു” (ഖുർആൻ: 6:162-163)*

പ്രവാചകൻെറ എതിരാളികൾക്ക് ഈ രീതി പതിവില്ലായിരുന്നു. അവരുടെ ആരാധന പ്രതിഷ്ഠകൾക്കു മുമ്പിലെ ആർപ്പുവിളികൾ മാത്രമായിരുന്നു എന്ന് ഖുർആൻ പറയുക യുണ്ടായി.

وَانْحَرْ വൻഹർ - *നീ ബലിയറുക്കുകയും ചെയ്യുക എന്നർഥം.*

നഹ്ർ എന്ന ക്രിയാധാതുവിൻെറ കല്പനാരൂപമാകുന്നു അൻഹർ. നീ ബലിയറുക്കുക എന്നർഥം. ഈ വാക്കിന് നീ ആരാധനകളർപ്പിക്കുക എന്ന് അർഥം നല്കിയവരും പണ്ഡി തന്മാരുടെ കൂട്ടത്തിലുണ്ട്. കൂറേ കൂടി ആധികാരികവും സൂക്ഷ്മവും ബലിയറുക്കുക എന്ന താണ്.

സ്രഷ്ടാവിനു വേണ്ടി ബലി നല്കൽ അജ്ഞാനകാല സംസ്കാരത്തിന് അപരിചിതമാ യിരുന്ന ഒരു ഘട്ടത്തിലാണ് ഈ കല്പന അവതരിച്ചത്. മറ്റു അർച്ചനകളെപ്പോലെ അവർ ബലിയും അവരുടെ പ്രതിഷ്ഠകൾക്കായിരുന്നു സമർപ്പിച്ചിരുന്നത്. ലാത്ത, മനാത്ത, ഉസ്സ, യഊഖ്, യഊഥ്, നസ്ർ തുടങ്ങിയ ഏതാനും ആരാധ്യപ്രതിഷ്ഠകളായിരുന്നു അവ. എന്നാൽ ആരാധനപോലെത്തന്നെ ബലിയും നിങ്ങളുടെ യജമാനനായ ഏകദൈവത്തിന് മാത്രമാവണമെന്ന് ദൈവം കല്പിച്ചു.

ബലികർമം ഏകദൈവത്തിനല്ലാത്തവർക്ക് പാടില്ലാത്തതുപോലെത്തന്നെ അവനല്ലാത്തവ രുടെ പേരിൽ അറുക്കപ്പെട്ടവയുടെ മാംസം ഭുജിക്കുവാനും പാടുള്ളതല്ല. ഇതേ കല്പന യുടെ അടിസ്ഥാനത്തിലാണ് പ്രവാചകൻ മദീനയിൽ ചെന്ന് ആദ്യമായി ബലിപെരുന്നാൾ ദിനത്തിൽ ബലിയുടെയും നമസ്കാരത്തിൻെറയും രീതി നടപ്പാക്കിയപ്പോൾ ആദ്യം നമസ്കാ രവും പിന്നീട് ബലിയും നടത്തിയത്.

ഈ ആജ്ഞയിലൂടെ പ്രവാചനോട് സ്രഷ്ടാവ് നിർദ്ദേശിക്കുന്നത് ഇതത്രെ: ചുറ്റുപാടും നിന്നെ എത്രമാത്രം വിമർശിക്കുകയും എതിരിടുകയും ചെയ്യട്ടെ, ലോകം മുഴുവൻ അവ രുടെ ആരാധ്യർക്ക് അർച്ചനയും ബലിയും അർപ്പിക്കട്ടെ, ബഹുദൈവാരാധകരുടെയും അവിശ്വാസികളുടെയും സംസ്കാരത്തിനും വിശ്വാസത്തിനും എതിരായി നീ നിൻെറ ആദർ ശം മുറുകെപിടിക്കുകയും അതനുസരിച്ച് അവർക്ക് മുമ്പിൽ ജീവിച്ചു കാണിക്കുകയും ചെയ്യുക.

---

إِنَّ شَانِئَكَ هُوَ الْأَبْتَرُ ഇന്ന ശാനിഅക ഹുവൽ അബ്തർ

തീർച്ചയായും നിന്നെ വിമർശിക്കുന്നവൻ തന്നെയാകുന്നു വേരറ്റവൻ

---

ശാനിഅ് എന്ന അറബി വാക്കിന് അന്ധമായ വിരോധത്താലും പകയാലും ആരെയെ ങ്കിലും ആക്ഷേപിക്കുകയും അപമാനിക്കുകയും മാനസികപീഡ ഏല്പിക്കുകയും ചെയ്യുന്നതി നാണ്.

ഖുറൈശികൾ പ്രവാചകൻ(സ)യെ വേരറ്റൻ, കുറ്റിയറ്റവൻ, പിൻമുറക്കാരില്ലാത്തവൻ എന്നെല്ലാം പരിഹസിക്കുകയും വേദനിപ്പിക്കുകയും ചെയ്തതായി നേരത്തെ സൂചിപ്പിച്ചു. പ്രവാചകപുത്രൻ ഖാസിമിൻെറ മരണത്തോടെയാണ് ഈ നിലപാട് അവർ സ്വീകരിച്ചു തുട ങ്ങിയത്. ആ കൃത്യത്തിൽ ആരെല്ലാം പങ്ക് കൊണ്ടുവോ അവരെല്ലാം പ്രവാചകൻെറ ശാനി അ് ആകുന്നു അഥവാ ആക്ഷേപിക്കുന്നവർ. ഖുറൈശികളിലെ മിക്ക നേതാക്കളും ഇവിടെ ഉദ്ദേശിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ച്, അബൂസുഫ്യാൻ, അബൂജഹ്ൽ, അബൂലഹബ്, ആസ്വു ബ്നു വാഇൽ, ഉഖ്ബതുബ്നു അബീമുഐത് തുടങ്ങിയ പ്രമുഖർ.

അബ്തർ എന്ന വാക്കിന് വേരറ്റവൻ എന്നാണർഥം. തൻെറ പേര് നിലനിർത്തുവാനും തൻെറതായ സംഗതികളെല്ലാം അനന്തരമെടുക്കാനും ഒരു അനന്തരാവകാശിയുമില്ലാത്ത അവസ്ഥയെയാണ് അബ്തർ കൊണ്ട് ഉദ്ദേശിക്കുന്നത്.

അബ്തർ എന്ന പദം വളരെ വിശാലമായ അർഥമുള്ളതാകുന്നു. അലക്ഷ്യമായി നടക്കു ന്നവനെയും ഭ്രഷ്ട് കല്പിക്കപ്പെട്ടവനെയും എല്ലാ ഗതിയും മുട്ടി നിരാശനായവനെയും

ആരുമില്ലാതെ തനിയെ ജീവിക്കുന്നവനെയും പുത്രവിഹീനരെയുമൊക്കെ അറബിയില്‍ അബ്തര്‍ എന്ന് പറയകു സാധാരണമാണ്. ഈയര്‍ഥങ്ങളിലൊക്കെയാണ് ഖുറൈശികള്‍ പ്രവാചകനെ അബ്തര്‍ എന്ന് പരിഹസിച്ചിരുന്നത്.

എന്നാല്‍ അല്ലാഹു പ്രവാചകന്‍(സ)യോട് പറയുന്നു, നിന്‍െറ എതിരാളികളുടെ ആക്ഷേപം നിന്നെ പ്രയാസപ്പെടുത്തേണ്ടതില്ല. അബ്തര്‍ നീയല്ല, വാസ്തവത്തില്‍ അവര്‍ തന്നെയാണ് വേരറ്റവരാകാന്‍ പോകുന്നത്.

ഈ പ്രഖ്യാപനം വിശാലമായ മുന്നറിയിപ്പുകള്‍ ഉള്‍ക്കൊള്ളുന്നതായിരുന്നു, പക്ഷേ, അന്ധമായ വിദ്വേഷത്താല്‍ മനസ്സ് മൂടപ്പെട്ട ഖുറൈശികള്‍ക്ക് അത് തിരിച്ചറിയാന്‍ കഴിയാതെപോയി. മാത്രവുമല്ല, വമ്പന്മാരായ ഖുറൈശികളുടെ കാര്യത്തില്‍ ഈ പ്രവചനം പുലരുമെന്ന് ആര്‍ക്കെങ്കിലും അന്ന് സങ്കല്പിക്കാനും സാധിക്കുമായിരുന്നില്ല. സമ്പത്ത്, സന്തതികള്‍, പ്രശസ്തി, സ്ഥാനമാനങ്ങള്‍ എന്നിവയാലെല്ലാം മികച്ചുനില്ക്കുന്നവരായിരുന്നു അവരത്രയും. അവരില്‍ പലര്‍ക്കും അയല്‍നാടുകളില്‍ പ്രശസ്തരായ കുടുംബങ്ങളും ഉണ്ടായിരുന്നു. പക്ഷേ, ദൈവിക വാഗ്ദാനം പുലരുന്നതിന് അതൊന്നും പ്രശ്നമല്ല. ഭൗതികമായതൊന്നും അവന്‍െറ നടപടിക്രമങ്ങള്‍ക്ക് പ്രതിബന്ധവുമല്ല.

ഏതാനും വര്‍ഷങ്ങള്‍ക്കകം ഈ പ്രവചനം പുലരുകയുണ്ടായി. പലരുടെയും സന്താനങ്ങള്‍ പ്രവാചകന്‍െറ ഉത്തമരായ അനുയായികളായി മാറി. അവരെ സംബന്ധിച്ചിട ത്തോളം വലിയ അപമാനമായിരുന്നു അത്. പലപ്പോഴും പ്രവാചകനുമായി ഏറ്റുമുട്ടി അവര്‍ക്ക് പരാജയം ഏല്ക്കേണ്ടതായും വന്നു.

മക്കാവിജയവേളയില്‍, തന്നെ ഒരിക്കല്‍ ആക്രമിച്ചു ആട്ടിയോടിച്ച മക്കയിലേക്ക് പ്രവാചകന്‍ വിജയശ്രീലാളിതനായി തിരിച്ചുവന്നപ്പോള്‍, അദ്ദേഹത്തെ അബ്തര്‍ എന്ന് വിളിച്ചിരുന്ന ഖുറൈശികളെ തുണക്കുവാനും സഹായിക്കുവാനും ആരുമുണ്ടായിരുന്നില്ല. അവര്‍ക്ക് പ്രവാചകന്‍െറ മുമ്പില്‍ കീഴടങ്ങേണ്ടിവന്നു. മാത്രവുമല്ല, അറേബ്യ മുഴുവന്‍ പ്രവാചകന് കീഴടങ്ങുന്നത് കണ്ടുനില്ക്കാനുള്ള വിധിയാണ് അവര്‍ക്കുണ്ടായത്. അതോടെ അവര്‍ അറേബ്യയിലെന്നല്ല, മക്കയില്‍പോലും ഒന്നുമല്ലാതായി. സ്വന്തം സന്താനങ്ങള്‍ പോലും അവരുടെ പേര് നിലനിര്‍ത്തുന്നതിനോ സ്മരിക്കപ്പെടുന്നതിനോ ഉപകരിച്ചില്ല. അതോടൊപ്പം, ചരിത്രം എക്കാലവും ഓര്‍ക്കുകയും ആദരിക്കുകയും ചെയ്യുന്ന, ഉന്നതമായ പ്രശസ്തിയിലേക്ക് പ്രവാചകന്‍ ഉയരുന്നത് അവര്‍ക്ക് നോക്കിനില്ക്കേണ്ടതായും വന്നു.

ലോകത്താകമാനമുള്ള വിശ്വാസികള്‍ അന്ത്യനാള്‍ വരെ തങ്ങളുടെ പ്രാര്‍ഥനകളിലും അല്ലാതെയും സ്മരിക്കപ്പെടുമാറ് ദൈവം അദ്ദേഹത്തെയും അദ്ദേഹത്തിന്‍െറ കുടുംബത്തെയും യശസ്സിലേക്ക് ഉയര്‍ത്തി. അതിന് മുമ്പില്‍ വിമര്‍ശനങ്ങള്‍ക്ക് സ്ഥാനമില്ല. കാരണം, സത്യം ദൈവത്തില്‍നിന്നുള്ളതാണ്, അവനാണതിനെ സംരക്ഷിക്കുന്നവന്‍. അതിന് വേണ്ടി ത്യാഗം സഹിക്കുന്നവരെ അവന്‍ സഹായിക്കും, സമൂഹം അവരെ എത്രതന്നെ എതിര്‍ത്താലും ശരി.